# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2489 — 13.02.2013ൽ മറുപടിക്ക്

**ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് എമർജിംഗ് കേരള**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് നടത്തിയ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന് (ജിം) എത്ര രൂപയാണ് ചെലവായത് ; | (എ) കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് നടത്തിയ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന് (ജിം) സംഘടിപ്പിക്കാൻ മൊത്തം 5.06 കോടി രൂപ കെ.എസ്.ഐ.ഡി.സിയ്ക്ക് ചെലവായി. അതിൽ 5 കോടി രൂപ സർക്കാരിൽ നിന്ന് കെ.എസ്.ഐ.സി.ഡി.സിയ്ക്ക് ലഭിച്ചിട്ടുണ്ട്. |
| (ബി) ജിമ്മിൽ എത്ര കോടി രൂപയുടെ നിക്ഷേപങ്ങൾക്കാണ് ധാരണയായതെന്ന് ഓരോ പ്രോജക്ടിന്റെ പേരും അടങ്കൽ തുകയും സഹിതം വ്യക്തമാക്കാമോ;<br><br>(സി) ഇതനുസരിച്ച് എത്ര പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് പദ്ധതിയുടെ പേരും ഇപ്പോഴത്തെ അതിന്റെ പ്രവർത്തനപുരോഗതിയും സഹിതം വ്യക്തമാക്കാമോ; | (ബി) &(സി) മുൻ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് കൊച്ചിയിൽ സംഘടിപ്പിച്ച ആഗോള നിക്ഷേപക സംഗമത്തിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ കീഴിൽ ഏകദേശം 339.70 കോടി രൂപ മുതൽമുടക്കു വരുന്ന 19 പദ്ധതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവയിൽ 12 എണ്ണത്തിന്റെ ധാരണാപത്രം ജിമ്മിൽ ഒപ്പു വച്ചിട്ടുള്ളതാണ്. ബാക്കിയുള്ള 7 ജിം പദ്ധതികൾക്കുള്ള ധാരണാപത്രം ജിമ്മിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി ഒപ്പു വച്ചിട്ടുള്ളതാണ്. |
| ഡി) ജിം എവിടെ വച്ചാണ് സംഘടിപ്പിച്ചത് ; ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ഡി) ജിം കൊച്ചിയിലെ ലേ മെറിയൻ ഹോട്ടലിൽ വച്ചാണ് സംഘടിപ്പിച്ചത്. ഇതിനായി മൊത്തം 5.06 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

ഇ) അടുത്ത കാലത്ത് നടത്തിയ എമേർജിംഗ് കേരള എന്ന പരിപാടിയുടെ ലക്ഷ്യമെന്താണ്; ഇത് സംഘടിപ്പിച്ചത് എവിടെയാണ്; ഇതിന് എത്ര കോടി രൂപ ഏതൊക്കെ ഇനങ്ങളിൽ ചെലവഴിച്ചുവെന്നും ഓരോന്നും ലഭിച്ചിട്ടുള്ള ഏജൻസി/സ്ഥാപനം/ വ്യക്തികൾ/എന്നിവയുടെ പേര് സഹിതം വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തിന്റെ വൈവിധ്യമാർന്ന വിഭവങ്ങളും,സാദ്ധ്യതകളും ലോകത്തിനു മുമ്പാകെ അവതരിപ്പിക്കുക എന്നതായിരുന്നു എമർജിംഗ് കേരള 2012 ന്റെ മുഖ്യലക്ഷ്യം. വികസനാധിഷ്ഠിതവും നിക്ഷേപ സൗഹൃദപരവുമായ അന്തരീക്ഷത്തിലൂടെ സംസ്ഥാനത്തെ നിക്ഷേപ സാദ്ധ്യതകൾ വർദ്ധിപ്പിക്കുകയെന്നത് എമെർജിംഗ് കേരളയുടെ ലക്ഷ്യങ്ങളിലൊന്നാണ്.

ദീർഘകാല അടിസ്ഥാനത്തിലുള്ള സാമ്പത്തിക മുന്നേറ്റത്തിന് ആവശ്യമായ കർമ്മ പദ്ധതികളും നിർദ്ദേശങ്ങളും സ്വരൂപിക്കുക എന്നതും എമർജിംഗ് കേരളയിലൂടെ ലക്ഷ്യമിട്ടിരുന്നു. കൊച്ചിയിലെ ലേ മെറിഡിയൻ കൺവെൻഷൻ സെന്ററിലാണ് 2012 സെപ്റ്റംബർ 12 മുതൽ 14 വരെ എമർജിംഗ് കേരള സംഘടിപ്പിച്ചത്.

ഇതുവരെ എമർജിംഗ് കേരളയ്ക്ക് ചെലവായ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

എഫ്) എമേർജിംഗ് കേരളയിൽ എത്ര പദ്ധതികൾക്കാണ് ധാരണാപത്രം ഒപ്പുവെച്ചിട്ടുള്ളതെന്ന് പ്രോജക്ടുകളുടെ പേരും, അടങ്കൽ തുകയും, പ്രൊമോട്ട് ചെയ്യുന്ന സ്ഥാപനത്തിന്റെ പേരും സഹിതം വ്യക്തമാക്കാമോ ; ഇവയുടെ ലോഞ്ചിംഗിന് ഇനി എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ട്; ഇതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

(എഫ്)എമർജിംഗ് കേരളയിൽ താഴെ പറയുന്ന രണ്ട് പദ്ധതികൾക്കു മാത്രമാണ് MoU ഒപ്പു വച്ചത്.

1. Capacity Expansion of Refinery Plant & setting up of Petrochemical plant at Kochi by BPCL
2. To Implement Advanced Diploma in Automotive Mechatronics(ADAM) course at Govt. Engineering College , Barton Hill, Thiruvananthapruam.

ഇതിൽ റിഫൈനറിയുടെ ശേഷി വർദ്ധന പദ്ധതിയുടെ ശിലാസ്ഥാപനം ജനുവരി 2013ൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി നടത്തുകയുണ്ടായി.

സെക്ഷൻ ഓഫീസർ

[redacted]

അനുബന്ധം.

| Particulars | Rs.Lakhs |
|---|---|
| Advertisement, Publicity and other related charges | 848.41 |
| Food and Accommodation including Hall Rent | 321.02 |
| Transportation & Travelling Expense | 76.66 |
| Venue Infrastructure Development and arrangements | 248.41 |
| Domestic & International Road Shows | 133.59 |
| Miscellaneous Expenditure | 120.46 |
| Total | 1748.55 |